**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5049 — 22.05.2017-ൽ മറുപടിക്ക്

## സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്,<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. ബാബു | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) 45 സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മെഷീനറികളും ഉപകരണങ്ങളും, ഫർണിച്ചറു കളും ഉൾപ്പടെയുള്ള ആവശ്യങ്ങൾക്കുമായി 2900 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>സർക്കാർ പോളിടെക്നിക്കുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെ ചേർത്തി രിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് ആധുനിക വ്യവസായ മേഖലയിലെ നൂതന അറിവുകൾ പോളിടെക്നിക്ക് വിദ്യാർത്ഥി കൾക്ക് ലഭ്യമാക്കുന്ന തിനായി പരിശീലനം നൽകുന്ന ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ എന്ന പദ്ധതി<br>• വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിഷയങ്ങളിലും സോഫ്റ്റ് സ്കിൽ വികസനത്തിനും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടു കൂടി ഫിനിഷിംഗ് സ്കൂൾ<br>• വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തു ന്നതിനായി നടപ്പി ലാക്കുന്ന ICT എന്ന പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, കാമ്പസ് നെറ്റ് വർക്കിംഗ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ.<br>• പോളിടെക്നിക്കുകളിലെ വിദ്യാർത്ഥി കൾക്ക് പഠനാവശ്യത്തിനായുള്ള റെമഡിയൽ ക്ലാസുകൾ നടത്തുന്നതി നായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം. |

| | |
|---|---|
| | • പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ, പോളിടെക്നിക്കുകളുടെ വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്ക് വഴിയുള്ള സാമൂഹ്യ വികസനം, കമ്മ്യൂണിറ്റി കോളേജ് പദ്ധതി എന്നീ ഘടകങ്ങൾ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| (ബി) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഉല്പാദന പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) കടുത്തുരുത്തി, കളമശ്ശേരി, തൃശ്ശൂർ വനിതാ പോളിടെക്നിക്ക് കോളേജ്, തൃപ്രയാർ ശ്രീരാമ പോളിടെക്നിക്ക് കോളേജ് എന്നീ സ്ഥാപനങ്ങളിൽ TBI സെന്റർ ജി.ഒ (എം.എസ്) 808/14/ഉവിവ, തീയതി 23.4.2014 എന്ന ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ ജിഒ (എം.എസ്) 52/15/ഉവിവ, തീയതി 12.2.2015 പ്രകാരം TBI സെന്റർ ആരംഭിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കോഴിക്കോട് വനിതാ പോളിടെക്നിക്ക് കോളേജിൽ ആരംഭിച്ച ഉൽപാദന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ പല പോളിടെക്നിക്കുകളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) സർക്കാർ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അംഗീകാരം നൽകി ഉത്തരവ് നൽകാറുണ്ട്. |
| (ഡി) വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴില വസരങ്ങൾ ലഭ്യമാകുംവിധം പോളിടെക്നി ക്കുകളിൽ കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഡിപ്ലോമ കരിക്കുലം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (SITTTR) പഠനം നടത്തി വരുന്നു. സാങ്കേതിക മേഖലയിൽ ലഭ്യമാകാവുന്ന തൊഴിലവസരങ്ങൾ കൂടി കണക്കിലെടുത്താണ് പഠന വിഷയങ്ങളും കോഴ്സുകളും ക്രമീകരിക്കുന്നത്. അതത് കാലത്ത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (SITTTR) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ